Ezhava	4	Jacobite	2
Nair	6	S I. U. C.	4
Vellala	1	Marthomite	2
Pulaya	1	Muslim	1
Other Hindus	3		30

വിമുക്തഭടന്മാരുടെ നിയമനം.

368. MR. T. T. KESAVAN SASTRI : വാർസർവീസുകാരായ എത്ര അപേക്ഷകർക്കു ഇതേവരെ ഗവണ്മെൻറു സർവീസിൽ ജോലികൊടുത്തിട്ടുണ്ടെന്നും, അവർ യഥാക്രമം ഏതെല്ലാം ജാതിക്കാരാണെന്നും, ഏതെല്ലാം ജോലികളിലാണിവരെ നിയമിച്ചിട്ടുള്ളതെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE. MR. C. KESAVAN : ഫെബ്രുവരി ജൺമാസംവരെ ഗവണ്മെൻറുസർവ്വീസിൽ റിക്രൂട്ടുചെയ്ത വിമുക്തഭടന്മാരുടെ എണ്ണം 8 ഫെബ്രുവരി ആണ്. ഈ നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക തയാറാക്കിയിട്ടില്ല. അവയുടെ പൂർണ്ണവിവരങ്ങൾ മാസാമാസം ഗസറ്റിൽ പരസ്യപ്പെടുത്തുന്നുണ്ട്. അതിൽനിന്ന് അറിയാൻ കഴിയുന്നതാണ്.

MR. T. T. KESAVAN SASTRI : അങ്ങനെ നിയമിച്ചിട്ടുള്ളവരിൽ സ്ത്രീകൾഎത്ര, പുരുഷന്മാരെത്ര എന്നു പറയുമോ?

HON'BLE. MR. C. KESAVAN : നോട്ടീസുവേണം.

MR. T. T. KESAVAN SASTRI : നിയമിച്ചിട്ടുള്ളവരുടെ ലിസ്റ്റാണോ ഗസറ്റിൽ പരസ്യംചെയ്തിട്ടുണ്ടെന്നു പറഞ്ഞതു്, അതോ നിയമിക്കാൻ പോകുന്നവരുടെ ലിസ്റ്റാണോ?

HON'BLE. MR. C. KESAVAN: നിയമിച്ചിട്ടുള്ളവരുടെ ലിസ്റ്റാണു.

MR. K. A. MUHAMMED (*Quilon IV—Muslim*) : ഇപ്പോൾ നടക്കുന്ന നിയമനങ്ങളിൽ എത്ര ശതമാനമാണു വിമുക്തഭടന്മാർക്കു കൊടുക്കുന്നതു്?

HON'BLE MR. C. KESAVAN : കുറേക്കാലത്തേക്കു് വിമുക്തഭടന്മാർക്കു തന്നെ ഉദ്യോഗങ്ങൾ കൊടുത്തിരുന്നു. അടുത്തകാലത്തു് അതിനു മാറ്റംവരുത്തി, സമുദായങ്ങളോടൊപ്പം റൊട്ടേഷൻ അനുസരിച്ചു് അവരെക്കൂടി നിയമിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly